>> പ്രതികരണം

# ആര്യവിചാരവും മാതൃകാമതവും

ഡോ. എം.എസ് ജയപ്രകാശ്

**ജീവിതരീതിയെന്ന് ആര്യാടൻ പറയുന്നത് ആരുടെ ജീവിതരീതിയാണ്? അനേകം നൂറ്റാണ്ടുകൾ ഭൂരിപക്ഷത്തെ അടിച്ചമർത്തിവെച്ചവരുടെ ജീവിതരീതിയാണത്. അത് മാതൃകയാകുന്നതെങ്ങനെ? ഈ അടിച്ചമർത്തപ്പെട്ടവരുടെ മോചനമാണ് ബുദ്ധമതം സാധ്യമാക്കിയത്. അതാണ് ഇന്ത്യയുടെ മാതൃകാ മതം. ബുദ്ധമതത്തെ മോഡി മാതൃകയിൽ ചുട്ടുകരിച്ചാണ് ചാതുർവർണ്യശക്തികൾ ഭ്രാന്താലയം സൃഷ്ടിച്ചത്. ഇസ്ലാമിനെ അതേരീതിയിൽ തകർക്കാനാണ് ഇപ്പോൾ ഇസ്രയേൽ കേന്ദ്രമാക്കി നീക്കങ്ങൾ നടക്കുന്നത്.**

**ഹിന്ദുമതമാണ്** ഇന്ത്യയുടെ മാതൃകാമതമെന്നും അതാണ് ഭരണഘടനയുടെ അടിത്തറയെന്നും ആര്യാടൻ മുഹമ്മദ് പറഞ്ഞിട്ട് കുറച്ചുനാളായി. ആര്യൻ അധിനിവേശശക്തികളുടെ ചാതുർവർണ്യ അടിത്തറയുള്ള വ്യവസ്ഥിതിയാണ് ഹിന്ദുമതമെന്ന പേരിൽ പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ആര്യവിചാരം എന്തുമാത്രം അബദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് പരിശോധിക്കാം.

1. മാതൃകാ മതം: ഇന്ത്യയുടെ മാതൃകാമതമാണ് ഹിന്ദുമതമെന്ന് പറയുന്ന ആര്യാടൻ പിന്നെ പറയുന്നത് ഹിന്ദുമതം മതമല്ല, ഒരു ജീവിതരീതിയാണെന്നാണ്. എന്നു പറഞ്ഞാൽ ഒരു 'മാതൃകാ ജീവിതരീതി'യാണെന്നർഥം. അപ്പോൾ ഇന്ത്യയുടെ മാതൃകാ മതം ഏത്? ഒരു ജീവിതരീതി കെട്ടുനാറുമ്പോഴാണ് അതിനെ മോചിപ്പിക്കാൻ മതങ്ങൾ ഉണ്ടാകുന്നത്. ക്രിസ്തുമതവും ഇസ്ലാമും അങ്ങനെയാണുണ്ടായത്. ഇന്ത്യയിലും അതുതന്നെയാണ് സംഭവിച്ചത്. ഇവിടത്തെ ജീവിതരീതി കെട്ടുനാറിയപ്പോഴാണ് ബുദ്ധമതം ഉണ്ടായതും ബുദ്ധൻ ഏഷ്യയുടെ വെളിച്ചമായിത്തീർന്നതും. ജീവിതരീതിയെന്ന് ആര്യാടൻ പറയുന്നത് ആരുടെ ജീവിതരീതിയാണ്? അനേകം നൂറ്റാണ്ടുകൾ ഭൂരിപക്ഷത്തെ അടിച്ചമർത്തിവെച്ചവരുടെ ജീവിതരീതിയാണത്. അത് മാതൃകയാകുന്നതെങ്ങനെ? ഈ അടിച്ചമർത്തപ്പെട്ടവരുടെ മോചനമാണ് ബുദ്ധമതം സാധ്യമാക്കിയത്. അതാണ് ഇന്ത്യയുടെ മാതൃകാ മതം. ഭരണഘടനയിലും ഇന്ത്യാ ഗവൺമെന്റിന്റെ മുദ്രയിലും ദേശീയ പതാകയിലെ അശോക ചക്രത്തിലും ജ്വലിക്കുന്നത് ഇന്ത്യയുടെ മാതൃകാ മതമായ ബുദ്ധമത സന്ദേശങ്ങളാണ്. ബുദ്ധമതത്തെ മോഡി മാതൃകയിൽ ചുട്ടുകരിച്ചാണ് ചാതുർവർണ്യശക്തികൾ ഭ്രാന്താലയം സൃഷ്ടിച്ചത്. ഇസ്ലാമിനെ അതേരീതിയിൽ തകർക്കാനാണ് ഇപ്പോൾ ഇസ്രയേൽ കേന്ദ്രമാക്കി നീക്കങ്ങൾ നടക്കുന്നത്.

2. സഹിഷ്ണുതയാണത്രെ ഹിന്ദുമതത്തിന്റെ അടിത്തറ. ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം പോലും നിഷേധിച്ച് അവരുടെ തലക്കും മുലക്കും നികുതി വാങ്ങിയ വ്യവസ്ഥിതി സഹിഷ്ണുതയാണെന്ന് പറയുന്നത് ലജ്ജാകരമാണ്. ഇത്തരം പീഡനങ്ങളാണ് നല്ലൊരു ഭാഗം ചിന്താശക്തിയുള്ള ജനങ്ങളെ ക്രിസ്തുമതവും ഇസ്ലാംമതവും സ്വീകരിക്കാൻ പ്രേരിപ്പിച്ചത്. അവരാണ് ആര്യാടന്റെയും ആന്റണിയുടെയും പൂർവികർ. ഇത് മതം മാറ്റമല്ല. മതമല്ല ജീവിരീതിയാണെന്നാണല്ലോ ഹിന്ദുമതത്തെപ്പറ്റി ആര്യാടൻ തന്നെ പറയുന്നത്. ആ നിലക്ക് ക്രിസ്തുമതവും ഇസ്ലാമും സ്വീകരിച്ചത് മതംമാറ്റമാകുന്നതെങ്ങനെ? തങ്ങളുടെ കഴുത്തിലിരുന്ന നുകം എടുത്തുകളഞ്ഞ് മോചനം സാധ്യമാക്കുകയാണ് മുസ്ലിംകളും മറ്റും ചെയ്തത്. ശ്രീനാരായണ, അയ്യൻകാളി പ്രസ്ഥാനങ്ങളും അതാണ് ചെയ്തത്. അമ്പമ്പോ ഇങ്ങനെയുമുണ്ടോ സഹിഷ്ണുത! മറ്റു രാജ്യങ്ങൾക്ക് ഈ 'സഹിഷ്ണുത' മാതൃകയാണു പോലും! ബലേ ഭേഷ് ആര്യാടൻ ബലേ ഭേഷ്! സ്വന്തം ജനങ്ങളെ ക്ഷേത്രത്തിൽ കയറ്റാതെ ഭ്രാന്തമായി

അടിച്ചമർത്തുകയും മറ്റുള്ളവർക്ക് പള്ളി വെക്കാൻ അനുവാദം കൊടുക്കുകയും ചെയ്തത് സഹിഷ്ണുതയാണെന്ന് പറയുന്നത് അവിവേകം കൊണ്ടാണ്. പോർച്ചുഗീസുകാരന്റെ തോക്കുകണ്ട് വിറച്ചവരാണ് സഹിഷ്ണുത കാട്ടി തടിതപ്പിയതെന്ന കാര്യം ആര്യാടൻ അറിയുന്നില്ല.

3. ഇത് ഹിന്ദുക്കൾ മാത്രമുള്ള രാജ്യമായിരുന്നു എന്ന അബദ്ധവും ആര്യാടൻ പറയുന്നുണ്ട്. കേരളത്തിൽ ഹിന്ദുമതമെന്നു വിളിക്കുന്ന ചാതുർവർണ്യ-ബ്രാഹ്മണമതം എത്തിയത് എ.ഡി 800-ന് ശേഷമാണ്. അതുവരെ ചേരനാടായിരുന്ന കേരളം ബുദ്ധമത രാജ്യമായിരുന്നു. ഇതിനെ തകർത്താണ് പരശുരാമന്റെ കേരളമുണ്ടായത്. ദ്രാവിഡ ചേരനാട് ഹിന്ദുമത കേരളമായത് അങ്ങനെയാണ്. ഇന്ത്യ ഹിന്ദുക്കളുടെ മാത്രം രാജ്യമായിരുന്നെങ്കിൽ ഇത് ഹിന്ദുരാഷ്ട്രമാകുമായിരുന്നു. സിന്ധുനദീ തീരത്തെ ജനങ്ങളെ വിശേഷിപ്പിക്കാനാണ് 'സിന്ധുക്കൾ' എന്ന പദം ഉപയോഗിച്ചത്. പേർഷ്യൻ ഭാഷയിൽ 'സിന്ധു' ഹിന്ദു എന്നാകും. അവരാണ് 'ഹിന്ദുക്കൾ' എന്ന് ഇന്ത്യക്കാരെ വിളിച്ചത്. അത് മതപരമായ പേരല്ല. നാടിന്റെ പേരു മാത്രമാണ്. ചൈനക്കാർ, ഇറ്റലിക്കാർ, ഇംഗ്ലീഷുകാർ, ജപ്പാൻകാർ എന്നു പറയുന്നതുപോലെയാണ് ഹിന്ദുക്കൾ എന്ന് പറയുന്നതും. ആര്യാടന്റെ ഭാഷയിൽ 'ജീവിതരീതിക്കാർ' എന്നും വിളിക്കാം!!

4. സെന്റ്തോമസ് വന്നപ്പോൾ ഹിന്ദു രാജാക്കന്മാർ അദ്ദേഹത്തെ സ്വീകരിച്ചുപോലും! പമ്പര വിഡ്ഢിത്തമാണിത്. സെന്റ് തോമസ് വന്നതുമില്ല; അന്ന് ഹിന്ദു രാജാവ് ഉണ്ടായിട്ടുമില്ല. 52 എ.ഡിയിൽ സെന്റ്തോമസ് കേരളത്തിൽ വന്നു എന്ന് ചില ക്രൈസ്തവ സഭകൾ പറയുന്നത് അബദ്ധമാണ്. സാക്ഷാൽ പോപ്പു തന്നെ 2007 സെപ്റ്റംബറിൽ ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. 52 എ.ഡിയിൽ ക്രിസ്തുമതം പോലും ഉണ്ടായിട്ടില്ല. യേശുവിന്റെ മരണശേഷം 200 വർഷം കഴിഞ്ഞ് ചേർന്ന ഒരു യോഗത്തിലാണ് യേശുവിന്റെ അനുയായികളെ 'ക്രൈസ്തവർ' എന്ന് വിളിച്ചതും സംഘടിത മതപ്രസ്ഥാനമുണ്ടായതും. എ.ഡി 52-ൽ ചേരനാട് ബുദ്ധമതക്കാരായ പെരുമാക്കന്മാരുടെ നാടായിരുന്നു. ഹിന്ദുത്വം വന്നതോടെ രക്ഷയില്ലാതായ ചേരമാൻ പെരുമാളും പ്രജകളിൽ ഒരു ഭാഗവും ഇസ്‌ലാമിൽ ചേരുകയാണുണ്ടായത്. ഇതിന്റെ സ്മാരകമാണ് കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളി. സെന്റ് തോമസിനെപ്പറ്റി പറയുന്ന റമ്പാൻ പാട്ടിൽ ബ്രാഹ്മണരെയും ക്ഷത്രിയരെയും ക്രിസ്തുമതത്തിൽ ചേർത്തതായി പറയുന്നുണ്ട്. 52 എ.ഡിയിൽ ബ്രാഹ്മണ-ക്ഷത്രിയ വിഭാഗം കേരളത്തിൽ (ചേരളത്തിൽ) ഉണ്ടായിരുന്നില്ല. 11,12 നൂറ്റാണ്ടുകളിൽ സെന്റ്തോമസ് എന്ന പേരിൽ പലരും വന്നിട്ടുണ്ട്. ബുദ്ധവിഹാരങ്ങളെയാണ് പള്ളികൾ എന്ന് വിളിച്ചിരുന്നത്. അവയെ തകർത്ത് ക്ഷേത്രമുണ്ടാക്കി. ഭൂരിപക്ഷം വരുന്നവരെ ക്ഷേത്രത്തിൽ കയറ്റാതെ തീണ്ടാട്ടിമാറ്റി. അവർ ക്രിസ്തുമതവും ഇസ്‌ലാമും സ്വീകരിച്ചു. അതുകൊണ്ടാണ് ക്രൈസ്തവരും മുസ്‌ലിംകളും ദേവാലയത്തെ പള്ളിയെന്ന് വിളിക്കുന്നത്. മുസ്‌ലിംകൾക്ക് മസ്ജിദ് ആണ് ദേവാലയം എന്ന കാര്യം ആര്യവിചാരം ബാധിച്ചവർ തിരിച്ചറിയേണ്ടതുണ്ട്. ഭർത്താവിന്റെ ചിതയിൽ ഭാര്യയെ (അമ്മയെ) തീയിലിട്ടുകൊന്ന് ദൈവാനുഗ്രഹം വാങ്ങുന്നതും ആര്യാടൻ പറയുന്ന ജീവിതരീതിക്കാരാണ്. ഇതിൽ തീവ്രവാദവും ഭീകരതയുമില്ലെന്ന് പറയുന്നത് അവിവേകമാണ്. ഹേമന്ത് കർക്കരെയുടെ ആത്മാവ് ആര്യാടനോട് പൊറുക്കുമെന്ന് തോന്നുന്നില്ല. ദയാപരനായ കർക്കരേ ഈ ആര്യാത്മാവിന് കൂട്ടായിരിക്കേണമേ! ■